**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:3216** 7/11/2019- **ൽ മറുപടിയ്ക്ക്**

**തൊളിക്കോട് സ്വദേശിയുടെ തീപിടിച്ച വീടിനുള്ള നഷ്ടപരിഹാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** | |
| (എ) | നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന ശിവൻകുട്ടി. കെ, വടക്കുംകര വീട്, കിളിയന്നൂർ, പറണ്ടോട് പി.ഒ., തൊളിക്കോട് എന്ന ആളിന്റെ വീട് തീപിടിച്ച് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | വീടിന് തീപിടിച്ച് നാശനഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിലേക്കായി ശ്രീ.ശിവൻകുട്ടി അപേക്ഷ സമർപ്പിച്ചത് 21/07/2017-നാണ്. എന്നാൽ ധനസഹായം അനുവദിക്കുന്നതിനായി മതിയായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നില്ല. ടി രേഖകൾ പൂർണ്ണമായി സമർപ്പിച്ചത് 22/09/2019-നാണ്. തുടർന്ന് 05/11/2019-ലെ സ.ഉ.(സാധാ).നം. 3188/2019/റവ-പ്രകാരം ടിയാൾക്ക് 15,000/- രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | നഷ്ടപരിഹാരം ലഭിക്കുന്നതിനായി ശിവൻകുട്ടി അപേക്ഷ നൽകിയിട്ടുള്ളത് എന്നാണെന്നും ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ ഇതിനുള്ള കാലതാമസം വന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ; | | |
| (സി) | സർക്കാരിൽ നിന്നും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിന് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ? | (സി) | ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ